Date 13/7/07

# കേരള സർക്കാർ

## സംഗ്രഹം

ാംസ്കാരിക കാര്യ വകുപ്പ് - സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം - വിവിധ ിർഷകങ്ങളിൽ നിന്നും തുക പിൻവലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരിക കാര്യ (എ) വകുപ്പ്

ം.ഉ(കൈ) 68/2007/സി.എ.ഡി തിരുവനന്തപുരം, തീയതി 11.7.2007.

---

പരാമർശം: സ.ഉ.(കൈ) 37/07/സി.എ.ഡി തീയതി 20.3.2007.

### ഉത്തരവ്

സാംസ്കാരിക സ്മാരകങ്ങൾ, നൃത്തനാടക സംഗീത സംഘടനകൾ ജവഹർ ബാലഭവനുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഗ്രാന്റ് തുക വിവിധ ശീർഷകങ്ങളിൽ നിന്നും പിൻവലിക്കുന്നതിനുള്ള അധികാരം പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സാംസ്കാരിക ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തുക അനുവദിച്ച് ഉത്തരവാകുന്നതും തുക പിൻവലിക്കുന്നതും സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകണമെന്ന് സാംസ്കാരിക ഡയറക്ടർ സർക്കാരിനോടാവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം വിശദമായി പരിശോധിച്ചശേഷം വിവിധ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു സർക്കാർ ഉത്തരവിറക്കുന്നു.

പരാമർശത്തിലെ സർക്കാർ ഉത്തരവിലെ 9, 10 ക്രമ നമ്പരുകളിൽ വരുന്ന ശീർഷകങ്ങളിൽ നിന്നും ഏതു സ്ഥാപനങ്ങൾക്കാണ് തുക നൽകേണ്ടതെന്നതിന് വ്യക്തമായ സർക്കാർ ഉത്തരവുകളുണ്ട്. (സ.ഉ.(കൈ)23/99/സി.എ.ഡി, സ.ഉ.(കൈ)30/2001/സി.എ.ഡി, സ.ഉ.(കൈ)23/2004/സി.എ.ഡി, സ.ഉ.(സാധാ) 401/05/സി.എ.ഡി നമ്പർ സർക്കാർ ഉത്തരവുകളിൽ ഓരോ സ്ഥാപനത്തിനും അർഹതപ്പെട്ട വാർഷിക ഗ്രാന്റ് തുക വ്യക്തമാക്കിയിട്ടുണ്ട്. ) കഴിഞ്ഞ വർഷത്തെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപ്രകാരം തുകയനുവദിച്ച് പ്രൊസീഡിംഗ്സ് ഇറക്കാവുന്നതാണ്.

ഒരു ലക്ഷം രൂപ വരെയുള്ള തുകകൾ ഒരു ഗഡുവായും ഒരു ലക്ഷത്തിന് മുകളിൽ വരുന്ന തുകകൾ പരമാവധി മൂന്ന് ഗഡുക്കളായും നൽകേണ്ടതാണ്. ഗഡുക്കളായി നൽകുമ്പോൾ മുൻ ഗഡുവിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് നിഷ്കർഷിക്കേണ്ടതാണ്.

പരാമർശത്തിലെ 11-ാമത് ഇനത്തിൽ ബാലഭവനുകൾക്കുള്ള ഗ്രാന്റാണ് വരുന്നത്. ഇത് വിതരണം ചെയ്യേണ്ടത് എപ്രകാരമാണ് എന്നതിന് 23.3.95 ലെ സ.ഉ.(കൈ)8/95/സി.എ.ഡി, 30.3.2001 ലെ സ.ഉ.(കൈ)26/01/സി.എ.ഡി എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. മുൻ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനതിൽ ബജറ്റ് വിഹിതമനുസരിച്ചുള്ള തുക മൂന്ന് ഗഡുക്കളായി ഡയറക്ടർക്ക് അനുവദിക്കാവുന്നതാണ്.

അവസാന ഗഡു ഗ്രാന്റ് അനുവദിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ആഡിറ്റ് പരിശോധിച്ചതിന്റെ ആഡിറ്റ് റിപ്പോർട്ടും ആഡിറ്റ് ഫീസ് അടച്ച ചലാൻ പകർപ്പും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

12, 13 ഇനങ്ങൾ ഒറ്റത്തവണയായി പിൻവലിക്കാൻ ഉത്തരവ് നൽകേണ്ടതാണ്.

മുൻ ഖണ്ഡികകളിലെ നിർദ്ദേശങ്ങളുടേയും പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിന്റേയും വെളിച്ചത്തിൽ മേൽപ്പറയപ്പെട്ട ശീർഷകങ്ങളിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക ഗ്രാന്റിനായുള്ള അപേക്ഷ സ്വീകരിച്ച് പരിശോധിച്ച് ഉത്തരവിറക്കി തുക പിൻവലിക്കാൻ നടപടി സ്വീകരിക്കേണ്ട ചുമതല സാംസ്കാരിക വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജി. മോഹനകുമാരൻ നായർ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം , തൈക്കാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( (ആഡിറ്റ്) )കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)കേരളം, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
സാംസ്കാരിക കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഉള്ളടക്കം: സ.ഉ (കൈ) 23/99/സി.എ.ഡി കൂടെ കോപ്പി
ഗ.ഒ.(ആർ) 401/05/സിഎഡി കൂടെ പകർപ്പ്
സ.ഉ.(കൈ) 30/2001/സിഎഡി കൂടെ പകർപ്പ്
സ.ഉ.(കൈ) 23/04/സിഎഡി കൂടെ പകർപ്പ്
സ.ഉ.(കൈ) 8/95/സിഎഡി കൂടെ പകർപ്പ്
സ.ഉ.(കൈ) 26/01/സിഎഡി കൂടെ പകർപ്പ്